പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1167 — 12/03/2015 ൽ മറുപടിയ്ക്ക്

**ശ്രീ.മുഹമ്മദ് അഷറഫ് നൽകിയ പരാതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ശ്രീ. മുഹമ്മദ് അഷറഫ്, മമ്പേൽ ഹൗസ്, അണിയൂർ, ചെമ്പഴന്തി, തിരുവനന്തപുരം താലൂക്ക് ഓഫീസിൽ H13/66467/2014 നമ്പർ പ്രകാരം നൽകിയ പരാതിയിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | (എ) ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനായി ശ്രീ. മുഹമ്മദ് അഷ്റഫ് 27/11/2014 ന് തിരുവനന്തപുരം അഡീഷണൽ തഹസീൽദാർക്ക് സമർപ്പിച്ച അപേക്ഷ അന്നേദിവസം തന്നെ റിപ്പോർട്ട് ലഭ്യമാക്കുന്നതിലേയ്ക്കായി ഉളിയാഴ്ത്തുറ വില്ലേജാഫീസർക്ക് കത്ത് നൽകുകയും ആയതിന്മേലുള്ള റിപ്പോർട്ട് വില്ലേജാഫീസർ ലഭ്യമാക്കുകയും നിശ്ചിത ഫീസ് കക്ഷി ഒടുക്കുകയും ചെയ്ത മുറയ്ക്ക് അളവു നടപടികൾക്കായി താലൂക്ക് സർവെയർക്ക് നൽകിയിട്ടുള്ളതുമാണ്. |
| (ബി) ഈ പരാതി സർവ്വെ അദാലത്തിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) ടി കക്ഷി സമർപ്പിച്ച അപേക്ഷയിൽ റവന്യൂ അദാലത്തിൽ ഉൾപ്പെടുത്തണം എന്ന് രേഖപ്പെടുത്തിയിട്ടില്ലാതിരുന്നതിനാൽ ടി അപേക്ഷ മറ്റ് അപേക്ഷകൾക്കൊപ്പം നടപടി സ്വീകരിച്ചു വരുന്നു. |
| (സി) പരാതിയിൽ ഉളിയാഴ്ത്തറ വില്ലേജ് ഓഫീസർ നൽകിയിരിക്കുന്ന റിപ്പോർട്ടിൽ സ്വീകരിച്ച തുടർ നടപടി വ്യക്തമാക്കാമോ; | (സി) ഉളിയാഴ്ത്തുറ വില്ലേജാഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർവെയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും നിശ്ചിത ഫീസ് ഒടുക്കു വരുത്തി ടി ഫയൽ സർവ്വെ നടപടികൾക്കായി താലൂക്ക് സർവെയർക്ക് നൽകിയിട്ടുണ്ട്. |
| (ഡി) പരാതി തീർപ്പു കൽപ്പിക്കുന്നതിനുള്ള ഭരണപരവും, സാങ്കേതികവുമായ തടസ്സങ്ങൾ എന്തെല്ലാം എന്നറിയിക്കാമോ; ഇനി എന്തെല്ലാം നടപടികളാണ് ഈ ഫയലിൽ സ്വീകരിക്കാനുള്ളത് എന്നറിയിക്കാമോ; | (ഡി) തിരുവനന്തപുരം താലൂക്കിൽ 31 വില്ലേജുകളിലായി 2 താലൂക്ക് സർവ്വേയർമാർ മാത്രമേ നിലവിൽ ഉള്ളു. അളവു നടപടികൾ സ്വീകരിക്കാനുണ്ട്. |
| (ഇ) പരാതി എത്ര ദിവസം കൊണ്ട് പരിഹരിക്കും എന്ന് വ്യക്തമാക്കാമോ; ഇപ്പോൾ ഈ ഫയൽ ആരുടെ കൈവശമാണെന്ന് അറിയിക്കാമോ? | (ഇ) അടിയന്തിരമായി അളവു നടപടി സ്വീകരിക്കുവാൻ താലൂക്ക് സർവെയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫയൽ താലൂക്ക് സർവെയറുടെ കൈവശമാണ്. |

സെക്ഷൻ ഓഫീസർ